മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവക്ക് കമ്മീഷൻ വല്ലതും കൊടുത്തിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ആരുടെയെങ്കിലും റപ്രസെന്റേഷനോടുകൂടി ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മഹാരാജാവു തിരുമനസ്സിലെ റപ്രസന്റുചെയ്യുന്ന ഒരു സംഘത്തെ അയച്ചിരുന്നു.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയത്: ജനങ്ങളുടെ റപ്രസന്റേഷനായിട്ട് ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കൃത്യമായിട്ടു പറയുവാൻ നോട്ടീസ്സുവേണം.

GOVERNMENT PRESS AND PUBLIC HOLIDAYS

86. Mr. P. A. Muhamad Ashroff *(Cranganur):* Will Government be pleased to answer.—

whether the Public Holidays for Meeladi-Nabi and Muharam are available to the employees of the Government Press ?

Mr. B. V. K. Menon *(Secretary to Government) :*

No; but out of the 19 holidays enjoyed by the Press employees in addition to Sundays and extra-ordinary holidays in connection with the demise of the members of the Ruling Family etc., two are Muslim holidays *viz.*, Ramzan and Bakrid. The Muslim employees of the Press are also allowed like other Muslims in other offices an interval of two hours on Fridays to go to the mosque to say their prayers.

MULL—DISTRIBUTION OF—MATTANCHERI

ശ്രീ. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെണ്ടു താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ —

(എ) ഈ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മട്ടാഞ്ചേരിയിൽ വിതരണത്തിനായി എത്ര വാര മൽത്തുണികൾ മൊത്തക്കച്ചവടക്കാരെ ഏല്പിച്ചിട്ടുണ്ട് ;

(ബി) കച്ചവടക്കാർക്കു ലഭിച്ച തുണിത്തരങ്ങളിൽ ചിലതു കേടുവന്നുപോയതായി ഗവൺമെണ്ടിനു് അറിവു കിട്ടീട്ടുണ്ടോ ;

(സി) കേടുവന്ന തുണിത്തരങ്ങൾ കാർഡുകാർക്കു വിതരണം ചെയ്യുവാനായി ഗവൺമെണ്ടിൽനിന്നും തുണി കച്ചവടക്കാർക്കു നിർദ്ദേശം നല്കുകയുണ്ടായോ ?

മിസ്റ്റർ ബി. വി. കെ മേനോൻ :

(എ) മേയ്, ജൂൺ, ജൂലായി എന്നീ മൂന്നു മാസങ്ങളിൽ മട്ടാഞ്ചേരിയിലെ മൊത്തക്കച്ചവടക്കാർക്കു ലഭിച്ചിട്ടുള്ളതായ മൽതുണിയുടെ കണക്കു താഴെ ചേർക്കുന്നു.—

മേയ്	ജൂൺ	ജൂലായി
൨൦,൫൪൦ വാര	൪,൪൯൫ വാര	൪,൫൯൯ വാര

(ബി) ഉവ്വ്.

(സി) ഇല്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: മേയ് മാസത്തിൽ ഇരുപതിനായിരം വാര തുണിയും ജൂൺ മാസത്തിൽ അയ്യായിരം വാര തുണിയും ഏല്പിച്ചതായി പറയുന്നുണ്ട്. ജൂൺ മാസത്തിൽ ഏല്പിച്ച തുണി നാലിലൊരുഭാഗമെങ്കിലുള്ളൂ. അതിനുള്ള കാരണമെന്താണ് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സർക്കാരിൽനിന്നും വാങ്ങിയതല്ല അതു്. അവക്ക് ഓരോ കോട്ട അനുവദിച്ചിട്ടുണ്ട്. ആ കോട്ടപ്രകാരം അവർതന്നെ വരുത്തുന്നതാണു്. ജൂൺമാസത്തിലെ കോട്ട അത്രമാത്രം ഉണ്ടായിരുന്നതായിരിക്കണം അതിനു കാരണം.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: രണ്ടാമത്തെ ചോദ്യത്തിൽ 'കച്ചവടക്കാർക്ക്' ലഭിച്ച തുണിത്തരങ്ങളിൽ ചിലതു കേടുവന്നുപോയതായി ഗവൺമെണ്ടിനു് അറിവു കിട്ടീട്ടുണ്ടോ എന്നു ചോദിച്ചതിനു് ഉവ്വ് എന്നു മറുപടി പറഞ്ഞിട്ടുണ്ട്. ആ കേടുവന്ന തുണികൾ അവർ എന്തുചെയ്തു ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ: കച്ചവടക്കാർ വരുത്തുന്ന സാമാനങ്ങളിൽ കുറെ കേടുവന്നാൽ അക്കാര്യത്തിൽ ഗവർമ്മേണ്ടിനു ഒന്നും ചെയ്യുവാനില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ചീത്തയായ ധാന്യകം കസ്റ്റമേഴ്സിനു വിതരണം ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചീത്തയായ ധാന്യകം വിതരണം ചെയ്യരുതെന്നു് അവരോടു ഗവർമ്മേണ്ടു് പറഞ്ഞിട്ടില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചീത്തയായ സാധനങ്ങളും നഷ്ടത്തെ ഉദ്ദേശിച്ചു് ആവശ്യക്കാക്കു വില്പനയുണ്ടെന്നു ഗവർമ്മെണ്ടിനറിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ചീത്തയായ സാധനങ്ങളും വാങ്ങിച്ചുകൊള്ളണമെന്നു നിർബ്ബന്ധമില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: റേഷൻകാർഡുകാക്കു് ഇത്രയിത്ര വീതം ധാന്യകം കൊടുക്കണമെന്നു നിബന്ധനയുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇത്രവാരയിൽ കൂടുതൽ ഒരു റേഷൻ കാർഡിനു കൊടുക്കരുതെന്നു നിബന്ധനയുണ്ടു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: അത്രയേ കൊടുക്കുകയുള്ളുവെന്നു നിർബ്ബന്ധമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കൃത്യമായി പറയുവാൻ നോട്ടീസ്സുവേണം.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: കച്ചവടക്കാരുടെ കോട്ടാ പ്രകാരം വരുത്തുന്ന ധാന്യകളിൽ നഷ്ടംവന്നാൽ ആ നഷ്ടം അവർ സഹിക്കണമെന്നാണോ പറയുന്നതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെതന്നെയാണു് പതിവു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഗവർമ്മേണ്ടിനാണു നഷ്ടംവരുന്നതെങ്കിൽ സഹിക്കുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സ്റ്റാൻഡേർഡ് ധാന്യകം മാത്രമേ ഗവർമ്മേണ്ടു് ഡയറക്ടായിട്ടു വരുത്തികൊടുക്കുന്നുള്ളു. മറ്റുള്ളതെല്ലാം കച്ചവടക്കാർതന്നെയാണു കോട്ടാപ്രകാരം വരുത്തി വില്പനയുന്നതു്. വില്പനയിൽ ചില നിബന്ധനകളുംമാത്രം വെച്ചിട്ടുണ്ടെന്നേയുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കച്ചവടക്കാർ കോട്ടാപ്രകാരം വരുത്തുന്ന ധാന്യകം കൂടാതെ ഗവർമ്മെണ്ടിലേക്കു നേരിട്ടു വരുത്താവുള്ളവയില്ലേ?

Mr. B. V. K. Menon *(Secretary to Government)*: Sir, the question is whether there is any objection for selling foodstuffs also according to this? I submit that the question does not arise.

Mr. President: It does not arise.

മിസ്റ്റർ എ. ഈച്ചരമേനോൻ: ചീത്തയായതുകൊണ്ടു് അളിഞ്ഞുപോയൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അളിഞ്ഞുപോയി എന്നാണു് കംപ്ലേയിന്റ്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഇതെല്ലാം കണ്ടുപിടിക്കുവാൻ കൊച്ചിയിലുള്ള ടെക്നിക്കൽ റൈറയിൽസ് ആഫീസർ വളരെയധികം കഷ്ടപ്പെടുന്നുണ്ടെന്നു ഗവർമ്മെണ്ടിനറിയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അറിവില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ടെക്സ്റ്റയിൽ ആഫീസുക്കു് പ്രത്യേകം സ്ഥലം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്ഥലം കിട്ടുവാൻ വിഷമമുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സ്ഥലം കിട്ടുവാൻ വിഷമമുണ്ടെന്നു അറിവില്ല. വാടക കൊടുക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ടെക്സ്റ്റയിൽസു് ഫീൽഡാഫിസർമാർ ട്രൂർ ചെയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ: പെർമിറ്റ് കൊടുക്കുകയാണു് അവരുടെ ജോലി- ബാക്കി സമയങ്ങളിൽ അവർ ടൂർ ചെയ്യണമെന്നുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: മൊത്തക്കച്ചവടക്കാരല്ലെന്നു തീച്ചയാക്കുന്നതു് ആരാണു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ടെക്സ്റ്റൈയിൽ കമ്മീഷണർ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മട്ടാഞ്ചേരിയിൽ ഫീൽഡാഫീസർ ഉണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉവ്വു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: എന്തടിസ്ഥാനത്തിന്മേലാണു് മൊത്തക്കച്ചവടക്കാരെ ഏല്പിച്ചിരിക്കുന്നതു്

മിസ്റ്റർ ബി. വി. കെ. മേനോൻ: അവർ വളരെകാലം കച്ചവടം നടത്തിവരുന്നുണ്ടെന്നുള്ളതുകൊണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവർ ലാഭത്തിനു വേണ്ടി കച്ചവടംചെയ്യുന്നവരാണെന്നു ഗവമ്മെണ്ടിനു തോന്നിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കച്ചവടം സാധാരണയായി ആ ഉദ്ദേശം വെച്ചുകൊണ്ടാണു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: തുണിയുടെ കോട്ടാ വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ടു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: എഴുതിയയച്ചിട്ടുണ്ടു്, വർദ്ധിപ്പിച്ചു കിട്ടീട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: കച്ചവടക്കാർ ടെക്സ്റ്റൈയിൽസ് കമ്മീഷണർക്കു റിപ്പോർട്ട് ചെയ്തതിനുശേഷം ആ കേടുവന്ന തുണികൾ മടക്കിയയക്കുവാൻ ഗവമ്മെണ്ടിനു സാധിക്കുമായിരുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാധിക്കുമായിരുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കിട്ടിയ സാധനങ്ങൾ മുഴുവൻ കേടുവന്നതായിരുന്നുവോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഒരാൾക്കു വന്ന തുണിയിൽ മാത്രം കുറെ കേടുണ്ടായിരുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: നാൽപതു നാൽപത്തിരണ്ടു കൊല്ലക്കാലം ബ്രിട്ടീഷിൽ കച്ചവടം നടത്തിയവർ കൊച്ചിയിൽവന്നു കച്ചവടം നടത്തുന്നുണ്ടെങ്കിൽ അവർക്കു കൊടുക്കുവാൻ വിരോധമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. B. V. K. Menon *(Secretary to Government):* I submit that it is a hypothetical question. The question is, whether there is any objection for giving a licence to a person who would have had dealings in this State in 1940, 1941 and 1942 and in British India?

മിസ്റ്റർ കെ. എസ്സ് പണിക്കർ: കൊച്ചിക്കുള്ള കോട്ട ആകെ എത്രയാണു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മാസം വൃ ര ബേൽ വീതമാണു്.

മിസ്റ്റർ പി. കെ. ഡീവർ: കേടുവന്ന സാധനത്തെപ്പറ്റി എത്രത്തോളമാണു് കേടുവന്നതു് എന്നന്വേഷിക്കുകയുണ്ടായോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കച്ചവടക്കാർ വരുത്തിയ സാധനം കേടുവന്നിരിക്കാം. അതു് ടെക്സ്റ്റൈയിൽസ് കമ്മീഷണർ അന്വേഷിക്കേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. കെ. ഡീവർ: കച്ചവടക്കാക്കു് കേടുവന്ന സാധനങ്ങളെ ബ്ലാക്ക മാർക്കറ്റിൽ വിൽക്കുവാൻ സൌകര്യമില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: എന്താവശ്യമാണു് അങ്ങിനെ ചെയ്യിട്ടു് ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കൺട്രോൾ വില നിശ്ചയിച്ചിട്ടുള്ളതുകൊണ്ടു് കേടുവന്നവയെല്ലാം ബ്ലാക്കുമാർക്കറ്റിൽ വിൽക്കുവാനുള്ള സൌകര്യം അവർ നോക്കുകയില്ലേ? ബ്ലാക്കുമാർക്കറ്റ് കൂടുതലായി വർദ്ധിക്കുവാൻ കാരണമാകയില്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെ വർദ്ധിക്കുവാൻ സൌകര്യമുണ്ടെന്നു അതിനെപ്പറ്റി അന്വേഷിക്കേണ്ടതാണെന്നും ഗവമ്മെണ്ടിനു തോന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly